# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 9, വെള്ളി

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

## വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ

*121 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ കെ ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ രീതി കരാറിൽ പറഞ്ഞിട്ടുള്ളതിൽ നിന്ന് വ്യതിചലിച്ചിട്ടില്ലെന്ന് ഉറപ്പാക്കാൻ ഈ സർക്കാർ മേൽനോട്ടം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ചിലർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ജീവനോപാധി നഷ്ടത്തിന് നഷ്ടപരിഹാരം നൽകാനും പുനരധിവാസവും പ്രദേശവാസികളുടെ ക്ഷേമവും ഉറപ്പാക്കാനും സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ്

*122 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി. -

സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് അപേക്ഷ നൽകിയത് ആരാണെന്ന് അറിയിക്കുമോ; ഇതിന് വേണ്ടി സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസോ അനുമതിയോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.യും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെടുകയോ ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങുന്നതിന് മാനേജ്മെന്റ് ഏതെങ്കിലും വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങിയതിന് ശേഷം പ്രസ്തുത കമ്പനി ആസ്ഥാനത്ത് എത്തിയ ബസ്സുകളുടെ ഗുണനിലവാരം മാനേജ്മെന്റ് വിദഗ്ധ സമിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>വായ്പാ തിരിച്ചടവ് മുടങ്ങിയ കർഷകരെ സഹായിക്കാൻ നടപടി</u>

*123 **ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വായ്പ എടുത്ത കർഷകരിൽ ഭൂരിഭാഗവും കടക്കെണിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വന്യ മൃഗങ്ങളുടെ ശല്യം മൂലമുള്ള കൃഷിനാശത്തെ തുടർന്ന് വായ്പാ തിരിച്ചടവ് മുടങ്ങുന്ന കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ;

(സി) കാർഷിക കടവുമായി ബന്ധപ്പെട്ട പലിശ എഴുതി തള്ളാനും കാർഷിക വിഭവങ്ങൾക്ക് മതിയായ താങ്ങുവില വർദ്ധിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ</u>

*124 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബ് ആക്കുന്ന വിധത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇതിനായി സർവകലാശാലകളുടെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരണം**

*125 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൗദ്ധിക മികവിനൊപ്പം ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനും മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിനായി വൻ തുക മുടക്കി മറ്റ് രാജ്യങ്ങളിലും രാജ്യത്തെ തന്നെ വൻ നഗരങ്ങളിലും പോകുന്ന വിദ്യാർത്ഥികളെയും മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ കൂടിയും ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മികച്ച അക്കാദമിക പരിസരം സൃഷ്ടിച്ചുകൊണ്ട് കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ആഗോള ഹബ്ബ് ആക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സിലബസ് തുടരെ നവീകരിക്കുന്നതോടൊപ്പം പരീക്ഷാ സമ്പ്രദായത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും മുൻകൈയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉന്നതവിദ്യാഭ്യാസ രംഗത്ത് നൂതന പഠന വകുപ്പുകൾ**

*126 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മുന്നേറ്റങ്ങളും പഠന, ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുക എന്ന ലക്ഷ്യമിട്ട് ബിരുദാനന്തര ബിരുദ, ഗവേഷണ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്ക് ജ്ഞാന സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുക എന്ന ലക്ഷ്യം നേടുന്നതിന് ഇത് എത്രത്തോളം സഹായകരമാകുമെന്ന് വിശദമാക്കുമോ; ജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്ന മറ്റെന്തെല്ലാം നടപടികളാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ?

**ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്താൻ പരിശോധന**

*127 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾക്ക് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഒരു പ്രധാന ഘടകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) രാത്രികാലങ്ങളിൽ ഉൾപ്പെടെ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും പുതിയ തരത്തിലുള്ള സിന്തറ്റിക് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും പര്യാപ്തമായ എന്തെല്ലാം സംവിധാനങ്ങളാണ് മോട്ടോർ വാഹന വകുപ്പിനുള്ളതെന്ന് വിശദമാക്കുമോ;

(സി) ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്ന ഡ്രൈവർമാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) നിയമവിരുദ്ധവും അപകടകരവുമായ രീതിയിൽ വാഹനമോടിച്ച് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം മുൻകരുതൽനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി**

*128 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവിന് കാരണം എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നാളികേര വിലയിടിവ് തടയാൻ പ്രഖ്യാപിച്ച സംഭരണ പദ്ധതി നടത്തിപ്പിലെ അപര്യാപ്തത മൂലം കർഷകർക്ക് ഗുണഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അതത് പ്രദേശങ്ങളിലെ കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തെങ്ങിൻ തൈകൾ കർഷകർ വാങ്ങിയാൽ മാത്രമേ അവരിൽ നിന്ന് നാളികേരം സംഭരിക്കേണ്ടതുള്ളൂ എന്ന നിർദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച സമിതികളുടെ റിപ്പോർട്ടുകൾ

*129 **ശ്രീ . പി . ഉബൈദുള്ള**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ന്യൂനതകൾ കണ്ടെത്തി പരിഹരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സർക്കാർ നിയോഗിച്ച സമിതികളുടെ റിപ്പോർട്ടുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) അദ്ധ്യാപനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഓരോ സർവകലാശാലകൾക്കും പ്രത്യേകം ചാൻസലർമാരെ നിയോഗിക്കാൻ ആലോചനയുണ്ടോ; സർവകലാശാലകളുടെ ഭരണ സമിതികളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള സർവകലാശാലയ്ക്ക് നാക് A++ അക്രെഡിറ്റേഷൻ

*130 **ശ്രീമതി യു പ്രതിഭ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരും ഈ സർക്കാരും കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനും അക്കാദമിക നവീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ലക്ഷ്യബോധത്തോടെയുള്ള സർക്കാർ പ്രവർത്തനങ്ങളുടെ ഫലമായി നാക് A++ അക്രെഡിറ്റേഷനോടെ കേരള സർവകലാശാലയ്ക്ക് രാജ്യത്തെ ഏറ്റവും മികച്ച പത്ത് സർവ്വകലാശാലകളിൽ ഒന്നാകാനും മറ്റ് സർവ്വകലാശാലകൾക്ക് മികച്ച ഗ്രേഡിംങ്ങോടെ ദേശീയ തലത്തിൽ അഭിമാനമായ നേട്ടം കൈവരിക്കാനും സാധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിലും ഉന്നതവിദ്യാഭ്യാസ മേഖലയെ ദുർബലപ്പെടുത്തുന്നതിന് ചിലർ ശ്രമിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തിലെടുത്തിട്ടുണ്ടോ;

(ഡി) മാനവ വിഭവശേഷി വികസനം പൂർണ്ണ തോതിൽ സാദ്ധ്യമാക്കുന്നതിന് എൻറോൾമെന്റ് റേഷ്യോ എഴുപത്തിയഞ്ച് ശതമാനമായി ഉയർത്താൻ ലക്ഷ്യമിടുന്നുണ്ടോ; അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## വി.സി. നിയമനങ്ങളിൽ പാലിക്കേണ്ട യു.ജി.സി. മാനദണ്ഡങ്ങൾ

*131 **ശ്രീ എം വിൻസെൻറ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ രാധാകൃഷ്ണപ്പിള്ള കേസിൽ ഹൈക്കോടതി കേരളത്തിലെ സർവകലാശാലകൾ യു.ജി.സി. മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത വിധിയിൽ യു.ജി.സി. ചട്ടങ്ങൾ പാലിക്കാൻ യുണിവേഴ്സിറ്റിക്കും സർക്കാരിനും ചാൻസലർക്കും ബാധ്യതയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത വിധി നിലനിൽക്കെ കേരള സാങ്കേതിക സർവകലാശാല വി.സി. നിയമനങ്ങളിലടക്കം യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതലമുറ കോഴ്സുകൾ

*132 **ശ്രീ. എച്ച്. സലാം**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതുതലമുറ കോഴ്സുകൾ ആരംഭിക്കുവാനും പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി നവീകരിക്കാനും ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ;

(സി) ഗവേഷണ ഫലങ്ങൾ നാടിന്റെ പുരോഗതിക്ക് ഉപയുക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണവും ഏകീകരണവും

*133 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു ജ്ഞാന സമൂഹമായി പരിവർത്തനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല നവീകരണത്തിനും ഏകീകരണത്തിനുമായി സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കുമോ;

(ബി) സർവകലാശാലകൾക്ക് സ്വയംഭരണാനുവാദം നൽകിയിക്കുന്നത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈസ് ചാൻസലർമാരെ ചാൻസലർ ഏകപക്ഷീയമായി നിയമിക്കുന്നത് ജനാധിപത്യവും ശാസ്ത്രീയ ചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തിന് അനുഗുണമാകാനിടയില്ലെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**<u>കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കാൻ നടപടി</u>**

*134 **ശ്രീ എം നൗഷാദ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയെ തകർക്കുന്നതായി പറയപ്പെടുന്ന കേന്ദ്ര സർക്കാർ നയത്തിനും 2011-16 കാലത്തെ സംസ്ഥാന സർക്കാരിന്റെ നിലപാടിനും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്താൻ ഈ സർക്കാർ നൽകി വരുന്ന ധനസഹായം സംബന്ധിച്ച വിവരം അറിയിക്കാമോ; 2015-16-ൽ കെ.എസ്.ആർ.ടി.സി.ക്ക് സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) ഇന്ധന വിലവർദ്ധനവ് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയെ ഏത് തരത്തിൽ ബാധിക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചുകൊണ്ടും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെന്റ് സംവിധാനം ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണം</u>**

*135 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർദേശങ്ങളിലൂടെ സർവകലാശാലാ പ്രവർത്തനങ്ങളിലും പരീക്ഷാരീതികളിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ;

(സി) പരീക്ഷകൾ, പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നത്

പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

**ആശ്വാസ കിരണം പദ്ധതി**

*136 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസ കിരണം പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സഹായ വിതരണം മുടങ്ങുന്നത് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ ആരെയൊക്കെയാണ് ഗുണഭോക്താക്കളായി ചേർത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി അട്ടിമറിക്കുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) അനർഹരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ ഗുണഭോക്താക്കളുടെ ധനസഹായം നിഷേധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിനായി ചേർന്ന കൊളോക്വിയം**

*137 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി ചേർന്ന കൊളോക്വിയം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന കോഴ്സുകളും നാലുവർഷ ബിരുദവും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളും തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമ്പൂർണ്ണ പരിഷ്കരണത്തിലൂടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടു പോകുമ്പോൾ പ്രസ്തുത ലക്ഷ്യത്തിന് തടസ്സമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ചില കോണുകളിൽ നിന്നുണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ സർക്കാരിന്റെ ഗതിവേഗത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ രംഗത്ത് തൊഴിൽ നൈപുണ്യ കോഴ്സുകൾ

*138 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിനായി സംസ്ഥാനത്ത് നിന്നും ഓരോ വർഷവും മുപ്പതിനായിരത്തിൽ അധികം പേർ വിദേശത്ത് പോകുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദേശത്ത് നിന്നുള്ള വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്ന കോഴ്സുകളും പാർട്ട്ടൈം ജോലി ചെയ്ത് പഠനം നടത്താനുള്ള സാഹചര്യവും ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സാമൂഹ്യസുരക്ഷാ മിഷന്റെ പദ്ധതികൾ

*139 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ മിഷൻ സാമ്പത്തിക സഹായം നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ആശ്വാസകിരണം, സമാശ്വാസം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, വി കെയർ എന്നീ പദ്ധതികളുടെ സാമ്പത്തിക സഹായം നിലച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(സി) സാമൂഹ്യസുരക്ഷാ മിഷന് അനുവദിച്ച ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തങ്ങളുടെ പേരിൽ വകമാറ്റിയതാണ് പ്രസ്തുത പദ്ധതികളുടെ ധനസഹായം നിലയ്ക്കാനുള്ള കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങാനുള്ള സർക്കാരിന്റെ ഏജൻസിയായി മെഡിക്കൽ സർവീസസ് കോർപ്പറേഷനെ തെരെഞ്ഞെടുത്ത ശേഷവും സാമൂഹ്യസുരക്ഷാ മിഷൻ കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(ഇ) സാമൂഹ്യസുരക്ഷാ മിഷൻ സാമ്പത്തിക സഹായം നൽകി വരുന്ന പദ്ധതികൾ അടിയന്തരമായി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ നടപടി

*140 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനും മറ്റ് പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ</u>**

*141 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കടബാദ്ധ്യത മൂലം ദുരിതത്തിലാകുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക പുരോഗതിയ്ക്കും മുൻഗണന നൽകിക്കൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

**<u>റബ്ബർ വില തകർച്ച പരിഹരിക്കാൻ നടപടി</u>**

*142 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ പ്രധാന ഉല്പന്നമായ സ്വാഭാവിക റബ്ബറിന്റെ വില തകർച്ച കാർഷിക മേഖലയിലും സാമ്പത്തിക മേഖലയിലും ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റബ്ബറിന്റെ വില തകർച്ച കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംരക്ഷണ പ്രതിരോധ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റബ്ബർ ഇറക്കുമതി നിയന്ത്രണം നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വിലത്തകർച്ചയിൽ നിന്ന് കർഷകരെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ വാഗ്ദാനം ചെയ്ത ഒരു കിലോയ്ക്ക് ഇരുന്നൂറ്റിയമ്പത് രൂപ എന്ന സഹായ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) വൻതോതിൽ ഇറക്കുമതി ചെയ്യുന്ന കോമ്പൗണ്ട് റബ്ബറിന്റെ ഇറക്കുമതി ചുങ്കം പത്ത് ശതമാനത്തിൽ നിന്ന് ഉയർത്തുക, ഡബ്ല്യു.റ്റി.ഒ. കരാറിൽ വില തകർച്ച, തൊഴിൽ നഷ്ടം എന്നീ കാരണങ്ങൾ ഉയർത്തി ഇറക്കുമതി തടഞ്ഞ് കർഷകരെ സംരക്ഷിക്കാൻ സംരക്ഷണ ചുങ്കം ചുമത്താൻ അനുവദിച്ചിട്ടുള്ളതിനാൽ ആയത് ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനോട് ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കർഷകർക്ക് അടിയന്തര സഹായം എന്ന നിലയിൽ നിലവിലുള്ള നൂറ്റി എഴുപത് രൂപ വിലസഹായ പദ്ധതി നടപ്പിലാക്കാൻ വേണ്ട തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കാൻ നടപടി</u>**

*143 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമാതീതമായ വാഹനപ്പെരുപ്പവും ശരിയായ ഡ്രൈവിംഗ് സംസ്കാരത്തിന്റെ അഭാവവുമാണ് റോഡപകടങ്ങൾക്ക് മുഖ്യകാരണമെന്നതുകൊണ്ട് പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനും ഗതാഗത നിയമലംഘനം കർശനമായി തടയുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഗതാഗത സംവിധാനം അപകടരഹിതവും കാര്യക്ഷമവുമാക്കുന്നതിന് ഏകീകൃത ട്രാഫിക് മാനേജ്മെന്റ് സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ആഡംബര ബസുകളും സ്വകാര്യ ആഡംബര വാഹനങ്ങളും നടത്തുന്ന നിയമലംഘനങ്ങൾ വലിയ അപകടങ്ങൾക്ക് വഴി വയ്ക്കുന്നു എന്നതുകൊണ്ട് അവ കർശനമായി തടയാൻ പ്രത്യേക ശ്രദ്ധപതിപ്പിക്കുമോ; ഓപ്പറേഷൻ ഫോക്കസ്-3 കാര്യക്ഷമമായി തുടരുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) പൊതുഗതാഗത വാഹനങ്ങളെ ജി.പി.എസ്. സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നത് ഫലപ്രദമാക്കാൻ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ നടപടി</u>**

*144 **ശ്രീ എം മുകേഷ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വൈസ് ചാൻസലർ നിയമനം ചാൻസലറുടെ മാത്രം തീരുമാനത്തിന്റെ അടിസ്ഥാനത്തിലാകുന്നത് പ്രസ്തുത മേഖലയ്ക്ക് ഹാനി വരുത്തുമെന്ന കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് യു.ജി.സി. ചെയർമാൻ അധികാരപരിധിക്ക് അതീതമായ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഇടപെടൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ പിന്നോട്ടടിക്കും എന്നതിനാൽ ഇത്തരം നീക്കങ്ങളെ നിയമപരമായും ജനകീയമായും നേരിടാൻ നടപടിയെടുക്കുമോ; വ്യക്തമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെ നടത്തിയ കൊളോക്വിയത്തിൽ ഉയർന്ന പ്രധാന നിർദേശങ്ങൾ അറിയിക്കാമോ; അവ പരിഗണിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉന്നതവിദ്യാഭ്യാസ പരിഷ്കരണത്തിനായുള്ള കമ്മീഷനുകളുടെ റിപ്പോർട്ടിന്മേൽ തുടർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ഒരു ലക്ഷം കൃഷിയിടങ്ങളിൽ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി

*145 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് വാർഡുകളിലും പുതിയ കൃഷിയിടങ്ങളിൽ കൃഷി നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) തരിശു ഭൂമിയിൽ കൃഷി കൂട്ടായ്മകൾ വഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എത്രത്തോളം വിജയകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റാൻ നടപടി

*146 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യൂ ടി. തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസത്തിനുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസത്തിനായി ധാരാളം വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോകുന്ന സാഹചര്യത്തിൽ കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കി മാറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തി അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കേരള സർവകലാശാലയിൽ അന്തർദേശീയ പഠന ഗവേഷണകേന്ദ്രം**

*147 **ശ്രീ വി ജോയി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം നൗഷാദ്**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയ്ക്കും നവീകരണത്തിനുമുതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്നും തുടർ ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) കേരള സർവകലാശാലയിൽ അന്തർ ദേശീയ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പഠന സൗകര്യമൊരുക്കുന്നത്; വിശദാംശം നൽകുമോ?

**ആശ്വാസ കിരണം പദ്ധതി**

*148 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം നൽകുന്ന തുകയെത്രയെന്നും നിലവിൽ എത്ര മാസത്തെ തുക കുടിശികയുണ്ടെന്നും അറിയിക്കുമോ;

(സി) ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ മൂലം ബുദ്ധിമുട്ടുന്നവരെ പരിചരിക്കുന്നവർ ഉൾപ്പെടെയുള്ളവർക്ക് നൽകുന്ന പ്രസ്തുത ധനസഹായം കുടിശിക സഹിതം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനത്തിലെ യു.ജി.സി. മാനദണ്ഡം**

*149 **ശ്രീ . ടി. വി. ഇബ്രാഹിം**
**ഡോ. എം.കെ . മുനീർ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനങ്ങളിൽ യു.ജി.സി. നിയമം പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വൈസ് ചാൻസലർക്ക് സ്ഥാനം ഒഴിയേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈസ് ചാൻസലർമാരുടെ നിയമനത്തിന് ഒന്നിലേറെ പേരുകൾ നൽകണമെന്ന യു.ജി.സി. ചട്ടം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## <u>മോട്ടോർ വാഹന നിയമ ലംഘനം തടയാൻ നടപടി</u>

*150 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അമിതമായ പലവിധ ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ;

(സി) നിയമ ലംഘനം നടത്തുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2022 ഡിസംബർ 1, വ്യാഴം
എ എം ബഷീർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].